തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം – 676 502

# പന്ത്രണ്ടാമത് ഗവേഷണസഭാ യോഗതീരുമാനങ്ങൾ

**2018 ഡിസംബർ 15, രാവിലെ 10.30**
**അക്ഷരം കാമ്പസ്, തിരൂർ**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്ജ്)
3. ഡോ. സി.പി. അച്ച്യുതനുണ്ണി
4. ഡോ. എ.കെ. നമ്പ്യാർ
5. ഡോ. സി.എം. നീലകണ്ഠൻ

ഇനം
**1/12** | **ഗവേഷണനയം രൂപീകരിക്കൽ**

**തീരുമാനം 1/12**

2015 ൽ മലയാളസർവകലാശാല പുറപ്പെടുവിച്ച പിഎച്ച്.ഡി. ചട്ടങ്ങൾ യു.ജി.സിയുടെ 2016 റഗുലേഷൻ അനുസരിച്ചും 2018 ലെ രണ്ടാം ഭേദഗതിക്കനുസരിച്ചും പരിഷ്കരിച്ചുകൊണ്ടാണ് ഈ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

പിഎച്ച്.ഡി. ഗവേഷണചട്ടങ്ങൾ

1. പേര്, അപേക്ഷ, പ്രവേശന വിജ്ഞാപനം

 1.1 ഇതനുസരിച്ച് ഈ ചട്ടങ്ങൾ മലയാളസർവകലാശാല പിഎച്ച്.ഡി. ഗവേഷണച്ചട്ടങ്ങളും നിബന്ധനകളും 2018 എന്നറിയപ്പെടും.

 1.2 2018 ഒക്ടോബർ 16 മുതൽ ഈ ചട്ടങ്ങളും നിയമങ്ങളും പ്രാബല്യത്തിൽ വരും.

 1.3 2018 ഡിസംബർ മുതൽ പ്രബന്ധ സമർപ്പണം നടത്തുന്നവരും പ്രവേശനം നേടുന്നവരും ഇതിന്റെ പരിധിയിലുൾപ്പെടും.

 1.4 യു.ജി.സി. റഗുലേഷൻസ് 2016 ന്റെ മിനിമം സ്റ്റാൻഡേർഡ്സ് പാലിച്ചുകൊണ്ടാണ് പിഎച്ച്.ഡി. ബിരുദം നൽകുന്നത്.

1.5 എല്ലാ വർഷവും ഏപ്രിലിൽ അപേക്ഷ ക്ഷണിച്ച് മെയ് മാസം പ്രവേശന പരീക്ഷയും നടപടികളും പൂർത്തിയാക്കി ജൂൺ ആദ്യ ആഴ്ച മുതൽ പിഎച്ച്.ഡി. പ്രോഗ്രാമുകൾ ആരംഭിക്കും.

2. പിഎച്ച്.ഡി. പ്രവേശനപരീക്ഷയിൽ പൊതുവിഭാഗത്തിന് 50% മാർക്കും ഒബിസി (നോൺക്രിമിലയർ)/ഭിന്നശേഷി വിഭാഗക്കാർക്ക് 45% എസ്.സി/എസ്.ടി. വിഭാഗത്തിന് 40% മാർക്കും മതിയെന്ന് തീരുമാനിച്ചു.

3. പ്രവേശന പ്രക്രിയയിൽ ജെ.ആർ.എഫ്. നേടിയവർക്ക് പൊതുപ്രവേശനപ്പരീക്ഷയുടെ 100% ത്തിനു തുല്യമായും നെറ്റ്/തത്തുല്യപരീക്ഷാവിജയികളെ അതതു വർഷങ്ങളിലെ പൊതുപ്രവേശന പരീക്ഷയിലെ ഉയർന്ന മാർക്കിനു തുല്യമായും പരിഗണിക്കുന്നത് തുടരുവാൻ തീരുമാനിച്ചു.

പ്രവേശനപ്രക്രിയയിലെ ഫീസ് വിവരങ്ങളിൽ (3.12) മാറ്റം വരുത്തി.

3.12.3 ട്യൂഷൻ ഫീസ് ഓരോ ആറു മാസവും 1,000 രൂപ

3.12.26 കാലാവധി നീട്ടുന്നതിനും റീ രജിസ്ട്രേഷനും ഓരോ ആറുമാസത്തിനും 1,000 രൂപ

3.12.27.1 നാലുവർഷ കാലാവധി കഴിഞ്ഞാൽ 1,000 രൂപ റീ രജിസ്ട്രേഷനും ഓരോ ആറു മാസത്തിനും 1,000 രൂപയും ഒറ്റത്തവണ ഫൈൻ 50,000 രൂപയുംഅടച്ചാലെ പ്രബന്ധസമർപ്പണം സാധ്യമാകൂ.

3.12.27.2 വനിതാഗവേഷകർ / ഭിന്നശേഷിക്കാർ എന്നിവർക്ക് 5 വർഷം കഴിഞ്ഞാൽ റീ-രജിസ്ട്രേഷന് 1,000 രൂപ വീതവും ഒറ്റത്തവണ ഫൈൻ 50,000 രൂപയും അടച്ച് പ്രബന്ധം സമർപ്പിക്കാവുന്നതാണ്.

4. പിഎച്ച്.ഡി. പ്രോഗ്രാമിന്റെ കാലാവധി സംബന്ധിച്ച് വിശദ ചർച്ചകൾ നടന്നു. അതനുസരിച്ചാണ് ചട്ടങ്ങൾ തയ്യാറാക്കുന്നത്.

4.7.2 ഗവേഷണത്തിന്റെ അധികകാലയളവുകളിൽ സർവകലാശാല ഫെലോഷിപ്പോ ഹോസ്റ്റൽ/വാഹനസൗകര്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല.

6 6.14 ലെ കോഴ്സ് വർക്ക് - ക്രെഡിറ്റ് നിബന്ധനകൾ എന്നതിൽ പ്രസിദ്ധീകരണം, സെമിനാർ പേപ്പർ അവതരണം, അദ്ധ്യാപന സഹായം എന്നിവയുടെ ക്രെഡിറ്റുകൾ ഒഴിവാക്കുവാൻ തീരുമാനിച്ചു. കോഴ്സ്വർക്കിനു മാത്രമേ പിഎച്ച്.ഡി. പ്രോഗ്രാമിൽ ക്രെഡിറ്റ് കണക്കാക്കുകയുള്ളൂ എന്നും തീരുമാനിച്ചു.

8 8.5 എന്നാൽ പ്രബന്ധ സമർപ്പണത്തിന് സർവകലാശാല ഗവേഷണ കൗൺസിൽ അംഗീകരിച്ച ഗവേഷണ ജേണലുകളിൽ രണ്ടു പ്രസിദ്ധീകരണവും ദേശീയസെമിനാർ / കോൺഫറൻസ് എന്നിവയിൽ രണ്ടു പ്രബന്ധാവതരണവും നിർബന്ധമായിരിക്കും.

(ഇത്തരത്തിൽ തിരുത്തി പരിഷ്കരിച്ച ചട്ടങ്ങളും നിബന്ധനകളുമാണ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കേണ്ടത്.)

ഇനം
**2/12**

## ഗവേഷകമാർഗദർശിത്വം അനുവദിക്കുന്നതിനായി ഡോ. കെ.എം. അനിൽ സമർപ്പിച്ച അപേക്ഷ

**തീരുമാനം 2/12**

ഗവേഷകമാർഗദർശിത്വം അനുവദിക്കുന്നതിനായി ഡോ. കെ.എം. അനിൽ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച ചെയ്തു. പതിനേഴാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ 8/17 തീരുമാനപ്രകാരം (അനുബന്ധം 2) ഇതിനു അനുമതി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ മലയാളസർവകലാശാലയിലെ അഞ്ച് ഫാക്കൽറ്റികളിലെ പത്തു പഠന വകുപ്പുകൾ കൂടാതെ എഴുത്തച്ഛൻ പഠന കേന്ദ്രത്തേയും സർവകലാശാല സാഹിത്യവിഭാഗത്തിന്റെ അംഗീകൃത ഗവേഷണകേന്ദ്രമാക്കാൻ തീരുമാനിച്ചു. സർവകലാശാലയുടെ ഗവേഷണ ചട്ടങ്ങളിൽ ഇതുൾക്കൊള്ളിക്കുവാനും തീരുമാനിച്ചു.

യോഗം ഉച്ചക്ക് 1.45 ന് അവസാനിച്ചു.

Anil

രജിസ്ട്രാർ ഇൻ ചാർജ്